

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഉയിർപ്പ് ഞായർ

2022 ഏപ്രിൽ 17



"ക്രിസ്തു ഉയർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊറി 15:14). യേശുവിന്റെ ഉത്ഥാനമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. യേശു പരാജയത്തിന്റെ പര്യായമായി ത്തീർന്നെന്നു വിചാരിച്ചവർക്കുള്ള മറുപടിയായിരുന്നു അവന്റെ ഉത്ഥാനം. ഇവിടെ പരാജയപ്പട്ടത് കുരിശിലേറിയവൻ അല്ല, മറിച്ച് തിന്മയാണ്. തന്റെ മരണം വഴി യേശു മരണത്തിന്മേൽ വിജയം വരിച്ചു. ആർച്ച് ബിഷപ്പ് ഗുഡിയറിന്റെ വാക്കുകളിൽ വിജയത്തിന്റെ മഹത്വത്തേക്കാൾ ശോഭയേറിയ മഹത്വമാണ് പരാജയത്തിന്റെ മഹത്വം. ലാസറോ, നായിമിലെ വിധവയുടെ മകനോ, ജയ്റോസിന്റെ മകളോ ജീവിതത്തിലേയ്ക്കു തിരിച്ചുവന്നതുപോലെയൊരു വരവല്ല യേശുവിന്റേത്. അവർ വീണ്ടും മരിച്ചു. ക്രിസ്തുവാകട്ടെ, ജീവനായിത്തീരുന്നു, ബാക്കി എല്ലാവർക്കും ജീവനേകുവാൻ. ഈ ഉത്ഥാനമഹിമയാണ് മനുഷ്യനെ "ജീവിതം ക്രിസ്തുവും മരണം നേട്ടവുമായി" (ഫിലിപ്പി 1:21) കാണാൻ സഹായിക്കുന്നത്.

ശൂന്യമായ കല്ലറ എന്ന ശീർഷകത്തോടെയാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ 20-ാം അദ്ധ്യായം തുടങ്ങുന്നത്. ഇതു മൂന്നു രംഗങ്ങളിലായി നമുക്ക് മുൻപിൽ അനാവരണം ചെയ്യപ്പെടുന്നു.

1) അന്വേഷണം 2) മോഹഭംഗം, ഭയം
3) തിരിച്ചറിവ്, സന്തോഷം

### അന്വേഷിക്കൽ

# പരാജിതന്റെ വിജയം

എസ 37:1-10, യോന 2:1-10, യോഹ 20:1-18



ഇമ്മാനുവൽ പ്ലാമ്മൂട്ടിൽ

ആഴ്ചയുടെ ഒന്നാംദിവസം അതിരാവിലെ ഇരുട്ടായിരുന്നപ്പോൾത്തന്നെ മഗ്ദലേനയിൽ നിന്നുള്ള മറിയം യേശുവിന്റെ കല്ലറയിലേക്ക് വരികയാണ്. തന്റെ ഗുരുവും കർത്താവും, തനിക്ക് ഏഴ് ദുഷ്ടാത്മാക്കളിൽ നിന്നും മോചനം തന്നവനുമായവന്റെ അടുത്തേയ്ക്ക്; മൃതനായവനെങ്കിലും, ചാരെ ഇരുന്നു കരഞ്ഞു സങ്കടം തീർക്കാൻ. മുൻപ് ഒരിക്കൽ ബഥാനിയായിലെ മറിയവും സഹോദരന്റെ കല്ലറയിലേയ്ക്ക് കരയാൻ പോകുന്നതു നാം കണ്ടതാണ്. ഇവിടെ മറയത്തിനു തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിയുന്നില്ല. കല്ലറ മൂടിയിരുന്ന കല്ല് മാറ്റപ്പെട്ടിരിക്കുന്നു. അവൾ പരിഭ്രാന്തയായി. താൻ മുൻപ് പറഞ്ഞതുപോലെ യേശു ഉത്ഥാനം ചെയ്തു എന്ന ചിന്ത അവളുടെ മനസ്സിലൂടെ കടന്നു പോയതേ ഇല്ല. യേശുവിന്റെ ശരീരം ആരോ മോഷ്ടിച്ചു കൊണ്ടുപോയി എന്നായിരിക്കാം അവൾ കരുതിയത്. പുറത്തുള്ള ഇരുട്ട് ഇപ്പോൾ അവളുടെ മനസ്സിനേയും ഗ്രസിക്കുകയാണ്. അവൾ തിരിച്ച് പത്രോസിന്റെ അടുത്തേക്ക് ഉടനെ ഓടി. മറിയത്തിന്റെ വാക്കുകൾ കേട്ട പത്രോസും "യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യനും" കല്ലറയിങ്കലേയ്ക്ക് ഓടി. വാർദ്ധക്യം യുവത്വത്തിന് അടിയറവ് വയ്ക്കുന്നു. യുവത്വം വാർദ്ധക്യത്തെ ബഹുമാനിക്കുന്നു. പത്രോസിന്റെ പിന്നാലെ കല്ലറയിൽ കയറിയ അരുമശിഷ്യനും യേശുവിന്റെ ശരീരം കാണാനായില്ല. അവനെ പൊതിഞ്ഞിരുന്ന കച്ചയും ചുരുട്ടി മാറ്റി വച്ചിരുന്ന, തലയിൽ കെട്ടിയിരുന്ന തുവാലയും മാത്രം കണ്ടു. പരതി നോക്കി. അവനെ മാത്രം കണ്ടില്ല. ഒട്ടേറെ പ്രതീക്ഷയോടെ യേശുവിനെ അനുഗമിച്ചിരുന്ന അവർ ഖേദത്തോടെ മടങ്ങിപ്പോയി. "മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു." എന്തായിരിക്കാം ഈ ശിഷ്യൻ കണ്ടു വിശ്വസിച്ചത്? മറിയം പറഞ്ഞ കാര്യം, അതായത് "കർത്താവിനെ അവർ കല്ലറയിൽ നിന്നും മാറ്റിയിരിക്കുന്നു." എന്നതായിരിക്കണം ആ ശിഷ്യൻ വിശ്വസിച്ചത്. അതു കാരണമായിരിക്കണം ശിഷ്യന്മാർ ഒരാവേശവും ഇല്ലാതെ മടങ്ങിപ്പോയത്. അല്ലാതെ യേശു ഉയർത്തെഴുന്നേറ്റു എന്നോർക്കാൻ വഴിയില്ല. ഇതുതന്നെയല്ലേ നമ്മുടെ കാര്യത്തിലും സംഭവിക്കുന്നത് ? മനസ്സിന്റെ ചായ്‌വനുസരിച്ച് അല്ലെങ്കിൽ നമ്മൾ കാണാൻ ആഗ്രഹിക്കുന്ന രീതിയിൽ കാര്യങ്ങൾ വ്യാഖ്യാനിക്കും. നാല് വയസ്സുകാരൻ പപ്പയുടെ പിറന്നാളിന് കൊടുത്ത, വർണ്ണക്കടലാസിൽ പൊതിഞ്ഞ പെട്ടി തുറന്നപ്പോൾ, അതിൽ ഒന്നും കാണായ്കയാൽ തെല്ലു സങ്കടത്തോടെ മകന്റെ മുഖത്തേയ്ക്ക് നോക്കിയപ്പോൾ അവൻ പറഞ്ഞു: "പപ്പാ, ഇത് നിറച്ചും പപ്പയ്ക്കുള്ള പഞ്ചാര ഉമ്മകളാണ്." പപ്പ മകനെ വാരിപ്പുണർന്നു. ജീവിതത്തിൽ നമ്മുടെ തിക്താനുഭവങ്ങൾ, കർത്താവ് നമ്മെ കൂടുതൽ കരുതലോടെ സംരക്ഷിക്കുന്നതിന്റെ അടയാളമായിരുന്നു എന്ന തിരിച്ചറിവിലേക്ക് നമുക്ക് ഉയരാൻ സാധിച്ചിരുന്നെങ്കിൽ! യേശു പലവട്ടം സൂചിപ്പിച്ചിരുന്നു താൻ ഉയർത്തെഴുന്നേൽക്കുമെന്ന്. പക്ഷേ കണ്ണുണ്ടായിട്ടും, കാണാനോ, ചെവിയുണ്ടായിട്ടും കേൾക്കാനോ മനസ്സ് ഉണ്ടായിട്ടും ഗ്രഹിക്കാനോ ശിഷ്യന്മാർക്ക് സാധിച്ചില്ല. നമുക്കും സാധിക്കുന്നില്ല.

## മോഹഭംഗം

മോഹഭംഗത്തിന്റെ പടുകുഴിയിൽ ആണ്ടുപോയ ശിഷ്യന്മാർ ഭവനത്തിലേയ്ക്ക് മടങ്ങിയപ്പോൾ മറിയം കല്ലറയിൽത്തന്നെ നിന്നു. വീണ്ടും അകത്തേയ്ക്കു നോക്കിയപ്പോൾ, അത്ഭുതമെന്നു പറയട്ടെ, കാണുന്നത് ദൈവദൂതന്മാരെയാണ്. പത്രോസും അരുമശിഷ്യനും പരതിയിട്ടും കാണാതിരുന്നത് – ഒന്നല്ല രണ്ടുപേരെ – മറിയം കാണുന്നു. അവൾ കാണുക മാത്രമല്ല ദൂതന്മാരുടെ ചോദ്യം അവൾ കേൾക്കുകയും ചെയ്യുന്നു. പത്രോസിനോടും യോഹന്നാനോടും പറഞ്ഞ അതേ കാര്യം അവൾ ദൂതന്മാരോടും പറയുന്നു." എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി." ഇരുട്ടിൽ വന്ന മറിയം ഇപ്പോൾ കൂരിരുട്ടിൽ തപ്പിത്തടയുകയാണ്.

## സന്തോഷം

ഇതിനിടയ്ക്ക് തിരിഞ്ഞുനോക്കിയ മറിയം തന്റെ പിറകിൽ നിന്നിരുന്ന ഒരുവനെ കാണുന്നു. അവൻ തോട്ടക്കാരനാണെന്നു വിചാരിച്ചു. സൂര്യപ്രകാശം അവളുടെ ഈറനണിഞ്ഞ കണ്ണുകളിൽ തട്ടുന്നു. യോഹന്നാന്റെ ശിഷ്യന്മാരോട് ഒരിക്കൽ യേശു ചോദിച്ചു "നിങ്ങൾ എന്തന്വേഷിക്കുന്നു?" (യോഹ 1:38). ഈ ചോദ്യം യേശു മറിയത്തോടും ചോദിക്കുന്നു: "നീ ആരെയാണ് അന്വേഷിക്കുന്നത്?" (യോഹ 20:15). നമ്മളോടും ഈശോ അതേ ചോദ്യം ആണ് ആവർത്തിക്കുന്നത് : നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്? നിങ്ങൾ ഇപ്പോഴും ഒരു ഇന്ദ്രജാലക്കാരനെയാണോ അന്വേഷിക്കുന്നത്? അതോ ആണികളുടെ മുറിപ്പാടുകൾ കയ്യിലും കാലിലും അണിഞ്ഞവനേയോ?

നമറിയം ശിഷ്യന്മാരോടും ദൂതന്മാരോടും ചോദിച്ച അതേ ചോദ്യം 'തോട്ടക്കാരനോട്' ആവർത്തിക്കുന്നു. അവർ അവനെ എവിടെ കൊണ്ടുപോയി? യേശു 'മറിയം' എന്നുവിളിച്ചു. ആ വിളിയിൽ, ആ സ്വരത്തിൽ, അവൾ എല്ലാം മനസ്സിലാക്കുന്നു.

എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർ വഴിയിൽ വച്ച് ഈശോയുമായി സംവദിച്ചെങ്കിലും അത് ഈശോയാണെന്ന് മനസ്സിലാക്കിയില്ല. അപ്പം മുറിക്കുന്ന സമയത്താണ് അത് ഈശോയാണെന്ന് അവർക്ക് ബോധ്യപ്പെട്ടത്. അവർക്ക് ഈശോ തന്നെത്തന്നെ വെളിപ്പെടുത്തിയത് ദൃശ്യതയിലൂടെയാണ്. മറിയത്തിനാകട്ടെ യേശു വെളിപ്പെടുത്തുന്നത് ശ്രവണത്തിലൂടെയാണ്. മുൻപൊരിക്കൽ അവൻ പറഞ്ഞിരുന്നു, "ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുന്നു. അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു." (യോഹ 10:34) ഉത്ഥിതനായ യേശു ഗോചരങ്ങൾക്കധീനനാണ്. ഉത്ഥിതനായ യേശുവിനെ ഓരോരുത്തർക്കും അനുഭവവേദ്യമാക്കുന്നത് പലവിധത്തിലാണ്. അവനെ ഇന്ദ്രിയങ്ങൾക്കോ ആർക്കുമോ തളച്ചിടാൻ സാധിക്കുകയില്ല.

## ദൗത്യം

യേശുവിനെ തൊട്ടുരുമ്മി നടന്നാലും, അവനോട് സംസാരിക്കുകയും അവനെ കാണുകയും ഒക്കെ ചെയ്താലും അവനെത്തിരിച്ചറിയണമെങ്കിൽ അവൻ കടാക്ഷിക്കണം. അവന്റെ സ്വന്തമാണെന്നു പറഞ്ഞതുകൊണ്ടോ അവന്റെ സഭയിലെ അംഗമാണെന്നു പറഞ്ഞതുകൊണ്ടോ നമുക്ക് ഒരു മുൻഗണനയും ലഭിക്കാൻ പോകുന്നില്ല.

യേശു മറിയത്തിനും മറ്റു ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെട്ടത് ഒരു സാധാരണ മനുഷ്യനായിട്ടാണ്. തലയ്ക്കുമുകളിൽ പ്രകാശവലയം തെളിയിച്ചുകൊണ്ടോ വെട്ടിത്തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ചുകൊണ്ടോ ഒന്നുമല്ല. ശിഷ്യന്മാരുടെ കൂടെ പ്രാതൽ കഴിക്കുകയും അവരെ തന്നെ തൊടാൻ അനുവദിക്കുകയും ഒക്കെ ചെയ്ത ഒരു ചങ്ങാതി, സാധാരണക്കാരിൽ ഒരു സാധാരണക്കാരൻ. ബാഹ്യചേഷ്ടകളിൽ കൂടിയല്ല വിശുദ്ധി ബഹിർസ്ഫുരിക്കേണ്ടത്. അത് യേശുവുമായുള്ള, ദൈവവുമായുള്ള, ഒത്തുചേരലിലാണ് പ്രകടമാകുന്നത്.

യേശു മറിയത്തിനു തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ അവളെ ഒരു ദൗത്യം ഏൽപ്പിച്ചു. "നീ എന്റെ സഹോദരന്മാരോട് പറയുക..." ഉത്ഥിതനായ ഈശോ ഏൽപ്പിച്ച ആദ്യത്തെ ദൗത്യം – സുവിശേഷ പ്രഘോഷണം. ആ ദൗത്യം ഇന്ന് നമ്മൾ തുടരേണ്ടിയിരിക്കുന്നു.

അന്ധകാരത്തിൽ തുടങ്ങിയ കഥ പ്രകാശത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. മർത്യനായ മനുഷ്യനെ അമർത്യനാക്കാൻ അമർത്യനായ ദൈവം മനുഷ്യനായി. തന്റെ ഉത്ഥാനത്തിലൂടെ യേശു നമ്മെ നിത്യജീവനിലേയ്ക്ക് നയിക്കുകയാണ്. "യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യ ശരീരങ്ങൾക്ക് നിങ്ങളിൽ വസിക്കുന്ന ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമ 8:11). ഈ ജീവൻ നമ്മിൽ നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com